DESPATCHED
On..10/06/2020

17/03/2020.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1022(*2*)/*2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**6600**/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.വി.എസ്.രജി കുമാർ**
**ഗ്രീൻവാലി, ചാലക്കുന്ന് പി.ഒ**
**കോട്ടയം-686 001** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്**
   **കടപ്ലാമറ്റം പി.ഒ**
   **കോട്ടയം -686 571**

2. **അപ്പീൽ അധികാരി ആന്റ്**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ**
   **പഞ്ചായത്ത് ഡയറക്ടറാഫീസ്**
   **കോട്ടയം**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 05.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 06.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.01.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ കെട്ടിട നിർമാണ പെർമിറ്റ് നൽകിയതിൽ വീഴ്ച വന്നുവെന്നുള്ള കാരണം അടിസ്ഥാനപ്പെടുത്തി ഹർജിക്കാരന്റെ പേരിൽ കുറ്റപത്രപ്രകാരം ശിക്ഷണനടപടികളുണ്ടായതുമായി ബന്ധപ്പെട്ട് ഇനം 1 ൽ ടിയാന്റെ സർവ്വീസ് ബുക്കിലെ ശിക്ഷാ വിവരം രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ് നൽകണമെന്നും ഇനം 2ൽ വകുപ്പ് മുഖേന ലഭിച്ച 4.4.2018 ലെ ജി.ഒ (ആർ.റ്റി) നം.960/2018/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിൽ, ടിയാന്റെ കോപ്പി ആമുഖത്തിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.02.2019 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 05.02.2019 ൽ അപ്പീൽ അപേക്ഷ നൽകുകയും, 06.03.2019 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു.
4. 13.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട അപേക്ഷയിൽ 01.02.2019 ന് സമയ ബന്ധിതമായി മറുപടി നൽകിയിരുന്നുവെന്നും, അപേക്ഷയിലെ 2-മത്തെ ഇനത്തിന് മറുപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും ലഭ്യമാക്കി നൽകേണ്ടിവന്നതിനാലാണ് 26 ദിവസം താമസം നേരിട്ടതെന്നും, 05.02.2019ന് മറുപടി നേരിട്ട് നൽകിയിട്ടുണ്ടെന്നും, അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം 23.03.2019 ന് വീണ്ടും മറുപടി നൽകിയെന്നും, ഹർജിക്കാന്റെ പേരിലുള്ള ശിക്ഷണ നടപടി സംബന്ധിച്ചുള്ള ആക്ഷേപം ടി ഗ്രാമപഞ്ചായത്തിൽ നിന്നുള്ളതല്ലെന്നും, ടി ഓഫീസിൽ സെക്ര

ട്ടറി കഴിഞ്ഞാൽ ഏറ്റവും മുതിർന്ന സൂപ്പർവൈസറി ഓഫീസറായിരുന്നു ഹർജിക്കാരനെന്നും, ഫയൽ വരുത്തി പരിശോധിക്കുന്നതിനും, വിവരങ്ങൾ മനസ്സിലാക്കുന്നതിനും, അഥവാ സെക്രട്ടറി മനപ്പൂർവ്വം താമസിപ്പിക്കുന്നുവെന്നു തോന്നിയാൽ പരാതി ഭരണവകുപ്പിൽ നൽകി നിവർത്തിയുണ്ടാക്കാമായിരുന്ന സാഹചര്യമുള്ളപ്പോളാണ് വിവരാവകാശ അപേക്ഷ നൽകിയതെന്നും, ടി ഓഫീസിൽ ഉള്ളതും, ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകളും ശേഖരിച്ച് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് അപേക്ഷ നൽകിയപ്പോഴും അപ്പീൽ സമയത്തും മറുപടി നൽകിയതായി റിപ്പോർട്ട് സമർപ്പിച്ചതിനാലും ആയതിന്റെ പകർപ്പും സമർപ്പിച്ചതിനാലും, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res

RIGHT TO INFORMATION